# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം. പി.ആർ.226/2024 തിരുവനന്തപുരം, തീയതി: 09/10/2024

## പത്രക്കുറിപ്പ്

### കേരള സർവകലാശാലയ്ക്ക് ക്യൂ.എസ്. ഏഷ്യൻ റാങ്കിംഗിൽ വിജയത്തിളക്കം...

അന്താരാഷ്ട്ര തലത്തിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം അളക്കുന്നതിനുള്ള ആഗോള റാങ്കിംഗ് സംവിധാനം ആയ QS ഏഷ്യൻ റാങ്കിംഗ്-2025 ൽ (Quacquarelli Symonds) കേരള സർവകലാശാല 339 - മത് സ്ഥാനവും Southern Asia യിൽ 88-ാമത് സ്ഥാനവും കരസ്ഥമാക്കി. സർവകലാശാലകളുടെ അക്കാദമിക നിലവാരം, ഗവേഷണ നിലവാരം, വിദ്യാർത്ഥി - അധ്യാപക അനുപാതം, ജോലി സാധ്യത, അന്താരാഷ്ട്ര നിലവാരമുള്ള അദ്ധ്യാപകരുടെ ലഭ്യത തുടങ്ങിയ പല മാനദണ്ഡങ്ങൾ വിലയിരുത്തിയാണ് QS റാങ്ക് നൽകുന്നത്. NAAC അക്രഡിറ്റേഷനിലും, NIRF റാങ്കിംഗിലും സർവ്വകലാശാല നേടിയ ഉജ്ജ്വല വിജയത്തിനു പിന്നാലെയാണ് ക്യുഎസ് റാങ്കിംഗിലും മികച്ച മുന്നേറ്റം നടത്തുന്നത്. ആഗോളതലത്തിൽ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ലോകോത്തര ഗവേഷണ-വിദ്യാഭ്യാസ സ്ഥാപനങ്ങൾ തിരഞ്ഞെടുക്കുന്നതിൽ സുപ്രധാന സൂചികകളിൽ ഒന്നാണ് QS റാങ്കിംഗ്. QS റാങ്കിംഗിന്റെ മാനദണ്ഡങ്ങൾ താഴെപ്പറയുന്ന പ്രകാരമാണ്.

| | | |
|---|---|---|
| Academic Reputation | - | 30% |
| Employer Reputation | - | 20% |
| Faculty Student Ratio | - | 10% |
| International Research Network | - | 10% |
| Citations per Paper | - | 10% |
| Citations per Paper per Faculty | - | 5% |
| Faculty with PhD | - | 5% |
| International Faculty | - | 2.5% |
| International Students | - | 2.5% |
| Inbound exchange of Students | - | 2.5% |
| Outbound exchange of Students | - | 2.5% |
| TOTAL | | 100% |

ഇതിലെല്ലാം കേരളസർവ്വകലാശാലയ്ക്ക് മികച്ച നേട്ടം കരസ്ഥമാക്കാനായി എന്നത് അഭിമാനകരമാണ്. അക്കാദമിക-ഗവേഷണരംഗത്ത് കേരളസർവ്വകലാശാലയ്ക്ക് ലഭിച്ച ഈ അംഗീകാരം സംസ്ഥാന സർക്കാരിന്റെ ഉന്നതവിദ്യാഭ്യാസ മുന്നേറ്റത്തിന്റെ സമ്മാനം കൂടിയാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* 9188526670, 9188526671, 9188526674, 9188526675
Whats App No. 8547330240